3) നിലവിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കാനാകുന്ന ചില വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ.

ഇതിൽ പ്ലാസ്റ്റിക് നിരോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം താമസിയാതെ ഉണ്ടാവും. ഇത് ലഭിക്കുന്നമുറയ്ക്കേ പ്ലാസ്റ്റിക് നിരോധിക്കുന്ന കാര്യങ്ങൾ ആലോചിക്കാനാവുകയുള്ളൂ.

പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന മലിനീകരണങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ആദ്യ പടിയായി അടുത്തുതന്നെ വിദഗ്ദ്ധരുടെ ഒരു കൺസട്ടേറ്റീവ് മീറ്റിംഗ് സംഘടിപ്പിക്കുന്നതാണ്. അതിൽ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിശദപരിപാടികൾക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നു.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടികളെടുക്കുന്നതിന് വ്യവസായം, ഗ്രാമവികസനം, റവന്യൂ, തദ്ദേശസ്വയംഭരണം, ടൂറിസം വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. എന്നാൽ പ്ലാസ്റ്റിക് നിയന്ത്രണവുമായി ബന്ധപ്പെട്ട കേന്ദ്രവിജ്ഞാപനം വന്നെങ്കിൽ മാത്രമേ ഇതിന് ഫലപ്രദമായ പുരോഗതി ഉണ്ടാവുകയുള്ളൂ.

6 (2191) ട്രാഫിക് പരിഷ്ക്കരണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രാഫിക് സംവിധാനം പരിഷ്ക്കരിക്കുന്നതിന് സർക്കാർ അടുത്തകാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ തലസ്ഥാനം ഉൾപ്പെടെ തിരക്കുള്ള പട്ടണങ്ങളിൽ കൂടുതൽ ട്രാഫിക് പോലീസിനെ വിന്യസിക്കുന്നത് സംബന്ധിച്ചും, ഗതാഗതം നിയന്ത്രിക്കുന്നത് സംബന്ധിച്ചും ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുനിസിപ്പൽ പ്രദേശങ്ങളിൽ ഉൾപ്പെടെയും എല്ലാ പട്ടണങ്ങളിലും തിരക്കുള്ള മറ്റ് സ്ഥലങ്ങളിലും സ്ഥിരം ട്രാഫിക് നിയന്ത്രണങ്ങളും ഗതാഗതം നിയന്ത്രിക്കലും ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഏർപ്പെടുത്തി വരുന്ന ട്രാഫിക് പരിഷ്ക്കാരങ്ങളുടെ ഫലമായി സംസ്ഥാനത്ത് ഇപ്പോൾ റോഡപകടങ്ങൾ കുറഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രാഫിക് സംവിധാനം പരിഷ്ക്കരിക്കുന്നതിനുവേണ്ടി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിക്കുകയും ആ തീരുമാനങ്ങൾ അതാതു വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരികയും ചെയ്യുന്നു.

ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ 'വൺവേ' സമ്പ്രദായം ഏർപ്പെടുത്തിയും ഗതാഗത നിയന്ത്രണത്തിന് ട്രാഫിക് പോലീസുകാരെ നിയോഗിച്ചും അവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് ഐലന്റുകൾ സ്ഥാപിച്ചും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിച്ച് നിയമാനുസൃത നടപടികൾ സ്വീകരിച്ചും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സ്പീഡ് റഡാർ, ബ്രെത്ത് അനലൈസർ എന്നീ ശാസ്ത്രീയ ഉപകരണങ്ങളും ഉപയോഗിച്ചു വരുന്നു. ഇതിനും പുറമേ വാഹനത്തിരക്കുള്ള കവലകളിലും മറ്റും ശാസ്ത്രീയമായി മീഡിയനുകൾ സ്ഥാപിച്ചും റിഫ്ളക്ടർ സ്ഥാപിച്ചും ആവശ്യമുള്ള സ്ഥലങ്ങളിൽ ബംബുകൾ നിർമ്മിച്ചും വളവുകളിൽ റോഡുകൾക്ക് വേണ്ടത്ര സൂപ്പർ എലിവേഷൻ കൊടുത്തും വാഹനാപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകളെ അപകട വിമുക്തമാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ട്രാഫിക് സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് സിറ്റികളിലേയും ട്രാഫിക് സ്റ്റേഷനിലെ അംഗസംഖ്യ വർദ്ധിപ്പിക്കുവാനും കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട പട്ടണങ്ങളിലും തിരക്കുള്ള മറ്റ് സ്ഥലങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങളോടുകൂടി ആട്ടോമാറ്റിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്. മുനിസിപ്പൽ പ്രദേശങ്ങളിലും തിരക്കുള്ള സ്ഥലങ്ങളിലും ട്രാഫിക് പോലീസിനേയും ട്രാഫിക് വാർഡൻമാരേയും ഗതാഗത നിയന്ത്രണത്തിനുവേണ്ടി നിയോഗിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ ഗതാഗത നിയന്ത്രണ ബോർഡുകൾ, അടയാള ബോർഡുകൾ എന്നിവ സ്ഥാപിച്ചും ഡിവൈഡറുകൾ സ്ഥാപിച്ച് രണ്ടുവരി ട്രാഫിക് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തുവരുന്നു.

(ഡി)&(ഇ) കുറഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	കേസ്സുകളുടെ എണ്ണം	മരിച്ചവരുടെ എണ്ണം	പരിക്കുപറ്റിയ വരുടെഎണ്ണം
1995	37980	2708	53400
1996	35731	2780	51780
1997	34656	2699	49710
1998	32837	2524	46198

LIBRARY ARCHIVES Kerala Legislative Assembly